## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2362 — 18.12..2012 ലെ മറുപടിയ്ക്ക്

### വ്യാജ ലോട്ടറികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. രാജു എബ്രഹാം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയുടെ അവസാന 3 അക്കങ്ങൾ ഒത്തു വന്നാൽ ലക്ഷങ്ങൾ സമ്മാനം വാഗ്ദാനം ചെയ്യുന്ന വ്യാജ ലോട്ടറികൾ സംസ്ഥാനത്ത് വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാന ലോട്ടറിയുടെ അവസാന അക്കങ്ങൾക്ക് സമ്മാനം വാഗ്ദാനം ചെയ്യുന്ന വ്യാജ ലോട്ടറികളെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | വ്യാജ ലോട്ടറികൾക്കെതിരെ പോലീസ്, വാണിജ്യ നികുതി, ലോട്ടറി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വകുപ്പ് തലത്തിലും കൂട്ടായ നടപടികളിലൂടെയും അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. നിയമ വിരുദ്ധ ലോട്ടറി സംബന്ധിച്ച കേസ്സുകൾ പരാതികൾ എന്നിവയെ ക്കുറിച്ച് അന്വേഷിക്കുന്നതിനും അന്വേഷണ പുരോഗതി വിലയിരുത്തുന്നതിനും G.O(Rt) No. 26/12/TD Dated 07.01.2012 സർക്കാർ ഉത്തരവ് പ്രകാരം ഇന്റലിജൻസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ മേധാവിയാക്കി നിയമിച്ചുകൊണ്ട് സംസ്ഥാന മോണിറ്ററിംഗ് സെല്ലും അതാത് ജില്ലാ കളക്ടർമാരെ |

| | | | |
|---|---|---|---|
| | | | മേധാവിയാക്കി നിയമിച്ചുകൊണ്ട് ജില്ലാതല മോണിറ്ററിംഗ് സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായി യോഗം ചേർന്ന് കേസ്സുകൾ , പരാതികൾ എന്നിവയിന്മേലുള്ള നിയമ നടപടികൾ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകികൊണ്ട് തുടർ നടപടികൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | വ്യാജ ലോട്ടറിയ്ക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | വ്യാജ ലോട്ടറി സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച തുടർനടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | (ഡി) | പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വകുപ്പുതല അന്വേഷണം ആവശ്യമായ സാഹചര്യത്തിൽ അന്വേഷണത്തിനായി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.